**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*64.** **30.11.2018 ൽ മറുപടിയ്ക്ക്**

**കള്ളുചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി. | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പ്രതിസന്ധി നേരിടുന്ന കള്ളുചെത്ത് വ്യവസായത്തെ പുനസംഘടിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) | കള്ള്ചെത്ത് വ്യവസായത്തെ പുന:സംഘടിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ട് 2017-2018 വർഷത്തെ അബ്കാരി നയത്തിൽ ടോഡി ബോർഡ് രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ടോഡി ബോർഡ് രൂപീകരണ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ബാറുകളുടെ ദൂരപരിധി കുറച്ചപ്പോൾ കള്ളുഷാപ്പുകളുടെ ദൂരപരിധി കുറച്ചിരുന്നോ; വ്യക്തമാക്കുമോ; | (ബി) | മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ബാറുകളുടെ ദൂരപരിധി കുറച്ചിട്ടില്ല. എന്നാൽ 25/10/2017 ലെ ജി.ഒ.(പി) നം.126/2017/നി.വ. പ്രകാരം, four star, five star, five star deluxe, heritage വിഭാഗം ഹോട്ടലുകളുടെ ദൂരപരിധി 17/04/2012 വരെ നിലവിലുണ്ടായിരുന്ന പ്രകാരം 50 മീറ്ററായി പുനസ്ഥാപിച്ച് ചട്ടഭേദഗതി വരുത്തിയിട്ടുണ്ട്. കള്ളുഷാപ്പുകളുടെ ദൂരപരിധി കുറച്ചിട്ടില്ല. |
| (സി) | കള്ളുഷാപ്പുകളെ ദൂരപരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ടൂറിസവുമായി ബന്ധപ്പെടുത്തി വികസന സാധ്യത ഏറെയുള്ള കള്ളുചെത്ത് വ്യവസായത്തിന്റെ അടിസ്ഥാന വികസനത്തിനും കള്ളുഷാപ്പുകളുടെ നിർമ്മാണം, കള്ളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കും കൂടുതൽ മുതൽമുടക്ക് നടത്തുമോ; വ്യക്തമാക്കുമോ? | (ഡി) | കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിത-സുരക്ഷിതത്വവും സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ട് ടോഡി ബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. കള്ളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക, |

| | | | |
|---|---|---|---|
| | | | കള്ള് ഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുക, വിനോദ സഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള ടോഡി പാർലറുകൾ ആരംഭിക്കുക എന്നിവ പുതുതായി രൂപീകരിക്കുന്ന ടോഡിബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്. |

സെക്ഷൻ ഓഫീസർ